കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നം. B2/165/2024-SEC തീയതി: 01-11-2024

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർക്കെതിരെയുള്ള അവിശ്വാസ പ്രമേയം – അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ തസ്തിക മാറ്റം – ഭേദഗതി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 19.05.2022 ലെ ബി1/56/2021/സം.തി.ക(2) നമ്പർ സർക്കുലർ.
2. 19.05.2022 ലെ ബി1/56/2021/സം.തി.ക(4) നമ്പർ സർക്കുലർ.
3.10.03.2023 ലെ 11/2023/സം.തി.ക നമ്പർ ഗസറ്റ് വിജ്ഞാപനം.

**സർക്കുലർ**

മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർക്കെതിരെയുള്ള അവിശ്വാസം പ്രകടിപ്പിക്കുന്ന പ്രമേയത്തെ സംബന്ധിച്ച നോട്ടീസ് സ്വീകരിക്കുന്നതിന് സൂചന(1),(2) സർക്കുലറുകൾ പ്രകാരം ബന്ധപ്പെട്ട നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ എന്ന ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിയിരുന്നു. സൂചന (3) പ്രകാരം മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ എന്നിവർക്കെതിരെ അവിശ്വാസം പ്രകടിപ്പിക്കുന്ന പ്രമേയത്തെ സംബന്ധിച്ച നോട്ടീസും അതോടൊപ്പം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയല്ലാത്ത ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനിൽ അവിശ്വാസം പ്രകടിപ്പിക്കുന്ന പ്രമേയത്തെ സംബന്ധിച്ച നോട്ടീസും ഒരു കൗൺസിലർ നൽകേണ്ടത് അതാത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് ആയിരിക്കണമെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ അതോടൊപ്പം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർക്കെതിരെയുള്ള അവിശ്വാസം പ്രകടിപ്പിക്കുന്ന പ്രമേയത്തെ സംബന്ധിച്ച നോട്ടീസ് സ്വീകരിക്കുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ "അതാത് ജില്ലകളിലെ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ" എന്ന് തിരുത്തിക്കൊണ്ട് സൂചന(1), (2) ലെ സർക്കുലറുകൾ ഭേദഗതി ചെയ്യുന്നു. ഇതിന് 10.03.2023 തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതായിരിക്കും. സൂചന (1), (2) സർക്കുലറുകളിലെ മറ്റ് നിർദ്ദേശങ്ങൾ നിലനിൽക്കുന്നതാണ്.

Signed by
Prakash B S
Date: 01-11-2024 11:14:16

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ &
ജില്ലാ കളക്ടർമാർ
എല്ലാ തദ്ദേശസ്ഥാപന ജില്ലാ ജെയിന്റ് ഡയറക്ടർമാർക്കും
എല്ലാ മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിമാർക്കും

പകർപ്പ്

1. എല്ലാ നോഡൽ ഓഫീസർമാർക്കും
2. കമ്മീഷണറുടെ പി.എസ്
3. കമ്മീഷണറുടെ സി.എ
4. സെക്രട്ടറിയുടെ സി.എ
5. എല്ലാ സെക്ഷനുകൾക്കും
6. IT Cell, State Election Commission
7. സ്റ്റോക്ക് ഫയൽ

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in